Page 1 of 2

| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | 451 | 86,77,450 |
| പാലക്കാട് | 431 | 81,65,306 |
| മലപ്പുറം | 725 | 1,17,29,115 |
| കോഴിക്കോട് | 1691 | 4,11,88,016 |
| വയനാട് | 6298 | 10,46,15,280 |
| കണ്ണൂർ | 677 | 1,06,52,330 |
| കാസർഗോഡ് | 763 | 1,06,17,640 |
| ആകെ | 28236 | 41,54,37,234 |

## കാർഷിക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ധനസഹായം

174 (5789) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷിക കടാശ്വാസ കമ്മീഷൻ 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര അവാർഡുകൾക്ക് ശുപാർശ ചെയ്തു ; ആയതിൻ പ്രകാരം കടാശ്വാസമായി എന്തു തുക നൽകാൻ സർക്കാർ ബാധ്യസ്ഥമായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം കമ്മീഷൻ ശുപാർശ ചെയ്ത അവാർഡുകൾക്കായി പ്രസ്തുത കാലയളവിൽ എന്തു തുക അനുവദിച്ചു ; വ്യക്തമാക്കുമോ ;

(സി) കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ച കേസുകളിൽ സർക്കാർ വിഹിതം യഥാസമയം അനുവദിക്കാത്തതുമൂലം കർഷകരുടെ പണയാധാരം ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വിട്ടുനൽകുന്നില്ലായെന്നതും അവാർഡ് പ്രഖ്യാപിച്ച തീയതി മുതലുള്ള പലിശയും പിഴ പലിശയും സർക്കാരിന്റെ വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവുവരെ പ്രസ്തുത ബാങ്കുകൾ കണക്കാക്കി വരുന്നതായ സംഗതിയും ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) 2007-2008 മുതൽ 2010-2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കടാശ്വാസ കമ്മീഷൻ 1,71,407 അപേക്ഷകൾ തീർപ്പാക്കിയതിൽ 74,024 ഉപഭോക്താക്കൾക്കായി 89,69,19,257 രൂപ ശുപാർശ ചെയ്തു. ഇപ്രകാരം കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ ചെയ്തതിൽ 67,45,33,625 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 14.38 കോടി രൂപ വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷി ഭൂമിയുള്ള കർഷകർ 30-6-2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന കമ്മീഷൻ ശുപാർശയനുസരിച്ച് നൽകിയതാണ്.

(സി) ഉണ്ട്. ഇക്കാര്യം പരിശോധനയിലാണ്.

## കുട്ടനാടൻ പാക്കേജ്

**175 (5790)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പാക്കേജിൻകീഴിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ ഓഡിറ്റിനു വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിനായി നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) വിവിധ വകുപ്പുകൾക്ക് കീഴിൽ നടപ്പാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ കുടുതൽ ക്രിയാത്മകവും കാര്യക്ഷമവുമാക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പ്രവർത്തനപരിപാടിയിൽ ഡോ. എം. എസ്. സ്വാമിനാഥന്റെ സാന്നിധ്യം ഉറപ്പുവരുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ&ബി) കുട്ടനാട് പാക്കേജിൻ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധ വകുപ്പുകളുടെ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളിൽ ഉള്ള ഓഡിറ്റ് സംവിധാനം കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്കുംകൂടി ബാധകമാക്കാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിൽ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ ഒരു മുതിർന്ന പ്രതിനിധിയെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## കുട്ടനാട് പാക്കേജിന്റെ പുതുക്കിയ എസ്റ്റിമേറ്റ്

**176 (5791)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :